Email:-keralarcs@coop.kerala.gov.in
website:- www.cooperation.kerala.gov.in
Fax- 0471-2331513
Tel- 0471-2330726

സി.ജി.(1) 26695/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി :16.07.2012

**സർക്കുലർ നമ്പർ 25/2012**

വിഷയം– സഹകരണ വകുപ്പ്–സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകൾ മുഖേന വായ്പാ വിതരണം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന– സഹകരണസംഘം രജിസ്ട്രാറുടെ 27.8.2010 ലെ 48/2010 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ എന്നിവ സഹകരണ നിയമം, ചട്ടം, സംഘം ബൈലാ, സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചു കൊണ്ടും, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ കൂടി വരുന്നതിനാൽ അർബൻ സഹകരണ ബാങ്കുകൾ സഹകരണ നിയമം, ചട്ടം, സംഘം ബൈലാ, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് പുറമെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ/നബാർഡിന്റെയും കൂടി നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടാണ് പ്രവർത്തിച്ചു വരുന്നത്. സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ വിതരണം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ നിർദ്ദേശങ്ങൾക്ക് തുടർച്ചയായി ചുവടെ ചേർക്കുന്ന സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1) വായ്പ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന കാർഷിക, കാർഷികേതര വായ്പകളുടെ തിരിച്ചടവ് തവണകളും, മറ്റു മാനദണ്ഡങ്ങളും വായ്പ അനുവാദ–കത്തിലും വായ്പ കരാറിലും ഉൾപ്പെടുത്തേണ്ടതാണ്.

2) ഹ്രസ്വകാല കാർഷിക വായ്പകൾ തിരിച്ചടയ്ക്കേണ്ടത് വായ്പ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരമോ, കൃഷിയുടെ കാലാവധി കഴിഞ്ഞോ ആയിരിക്കേണ്ടതാണ്. ടി വ്യവസ്ഥ വായ്പ എഗ്രിമെന്റിൽ കൃത്യമായും ഉൾപ്പെടുത്തേണ്ടതാണ്.

3) കാർഷികേതര ആവശ്യങ്ങൾക്ക് നൽകുന്ന വായ്പ ഒറ്റത്തവണയായി തിരിച്ചടയ്ക്കാ–നുള്ള വ്യവസ്ഥ വായ്പ എഗ്രിമെന്റിൽ ഉൾപ്പെടുത്തുന്നത് ശരിയായ നടപടിയല്ല.

4) എല്ലാതരം കാർഷികേതര വായ്പകൾക്കും തവണ നിശ്ചയിക്കേണ്ടതും വായ്പ തവണകൾ കൃത്യമായി വായ്പ അനുവാദകത്തിലും, വായ്പ എഗ്രിമെന്റിലും രേഖപ്പെടുത്തേണ്ടതും, വായ്പക്കാരനെ അറിയിക്കേണ്ടതുമാണ്.

ഈ സർക്കുലർ നിർദ്ദേശത്തോടൊപ്പം സൂചനയിലെ സർക്കുലർ നിർദ്ദേശവും നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ വായ്പ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ണ

ഒപ്പ്

കെ.വി.സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)